പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1291 15/06/2012 ൽ മറുപടിക്ക്

## വി.കെ.കൃഷ്ണമേനോൻ മ്യൂസിയത്തിന്റെയും പഴശ്ശിരാജാ മ്യൂസിയത്തിന്റെയും വികസനം

ചോദ്യം
ശ്രീ. എ.പ്രദീപ് കുമാർ

ഉത്തരം
ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ഈസ്റ്റ് ഹില്ലിലുള്ള വി.കെ. കൃഷ്ണമേനോൻ മ്യൂസിയവും, പഴശ്ശിരാജാ മ്യൂസിയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കണെമെന്ന് അപേക്ഷിച്ചുകൊണ്ട് നിവേദനമോ, പദ്ധതി രൂപരേഖകളോ ലഭിച്ചിട്ടുണ്ടോ; | (എ) | നിവേദനം ലഭിച്ചിട്ടുണ്ട്.കോഴിക്കോട് ഈസ്റ്റ് ഹില്ലിലുള്ള വി.കെ.കൃഷ്ണമേനോൻ മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ പരിഗണനയിലുണ്ട്. പഴശ്ശിരാജാ മ്യൂസിയത്തിന്റെ നവീകരണത്തിനുള്ള പ്രപ്പോസൽ സമർപ്പിക്കുന്നതിന് പുരാവസ്തുവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (സി) | കോഴിക്കോട് ഈസ്റ്റ് ഹില്ലിലുള്ള ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയത്തിന് പുതിയ മന്ദിരം പണികഴിപ്പിക്കുന്നതിന് വേണ്ടി എട്ട് (8) കോടി രൂപയുടെ പ്രപ്പോസൽ ധനസഹായം ലഭിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.പഴശ്ശിരാജാ മ്യൂസിയത്തിന്റെ നവീകരണത്തിനുള്ള പ്രപ്പോസൽ സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ